(എ) പഞ്ചായത്തു തെരഞ്ഞെടുപ്പ് എന്ന് നടത്തുവാൻ കഴിയുമെന്ന് ഏതെങ്കിലും കോടതി സംസ്ഥാന ഗവൺമെന്റിനോട് അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു മറുപടിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഹൈക്കോടതി അന്വേഷിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി വരികയാണ്. പഞ്ചായത്തുകളിലെ വാർഡ്, വിഭജനം സംബന്ധിച്ചു 40 പഞ്ചായത്തുകളെ സംബന്ധിക്കുന്ന 89 റിവിഷൻ ഹർജികളിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. കൂടാതെ സംസ്ഥാനത്തിലെ റവന്യൂ വില്ലേജുകളുടെയും പഞ്ചായത്തുകളുടെയും അതിർത്തികൾ ഏകീകരിക്കാനുള്ള ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇതിനെപ്പറ്റി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതുവരെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള തീയതി നിശ്ചയിക്കുവാൻ കഴിയുകയില്ല. ഇത്തരത്തിലുള്ള ഒരു മറുപടി കോടതിയെ അറിയിക്കാൻ വേണ്ടി അഡ്വക്കേറ്റ് ജനറലിന് അയച്ചിട്ടുണ്ട്.

പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ്

811 [980] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് കഴിഞ്ഞിട്ട് എത്ര വർഷമായി;

(ബി) 3 വർഷത്തിൽ ഒരിക്കൽ ഗ്രൂപ്പിംഗ് എന്ന കീഴ്വഴക്കം അനുസരിച്ച് എന്നായിരുന്നു ഗ്രൂപ്പിംഗ് നടത്തേണ്ടിയിരുന്നത്;

(സി) ഈ സമയത്ത് ഗ്രൂപ്പിംഗ് നടത്താതിരിക്കാനുണ്ടായ കാരണമെന്തായിരുന്നു;

(ഡി) ഗ്രൂപ്പിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ എന്നാണ് പഞ്ചായത്ത് ഡയറക്ടർ ഗവൺമെന്റിന് സമർപ്പിച്ചത്;

(ഇ) സമർപ്പിച്ചില്ലെങ്കിൽ അതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുവോ;

(എഫ്) ഗ്രൂപ്പിംഗ് നടക്കാത്തതുമൂലം എക്സി. ആഫീസർ മുതൽ മേൽപ്പോട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് കഴിഞ്ഞ രണ്ട് വർഷത്തോളമായി വകുപ്പിൽ പ്രമോഷൻ ലഭിക്കുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) 1986 ജൂൺ മാസത്തിൽ തന്നെ പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(എച്ച്) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഗ്രൂപ്പിംഗ് നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4 വർഷം.

(ബി) 1984.85 സാമ്പത്തിക വർഷാവസാനത്തിൽ.

(സി) ഗ്രൂപ്പിംഗ് നടത്തുന്നതിന് ആധാരമായ പഞ്ചായത്തുകളുടെ വരുമാനപരിധിയെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ജീവനക്കാരുടെ സംഘടനകളിൽ നിന്നും ആക്ഷേപങ്ങൾ പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആക്ഷേപങ്ങൾ പഞ്ചായത്ത് ഡയറക്ടർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) പ്രൊപ്പോസൽ മേൽ കാണിച്ച കാരണത്താൽ പഞ്ചായത്ത് ഡയറക്ടർ ഇതുവരെ ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(ഇ) ''സി''യിൽ പറഞ്ഞിരിക്കുന്ന കാരണംകൊണ്ട് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

(എഫ്) ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്ക് ഗ്രൂപ്പിംഗ് നടത്താത്തതുമൂലം പ്രമോഷൻ നൽകാതിരിക്കുന്നില്ല. ഇപ്പോഴും പ്രമോഷൻ നടത്തുന്നുണ്ട്.

(ജി, എച്ച്) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗിന് ആധാരമായ വരുമാന പരിധി സംബന്ധിച്ച് ഉന്നയിച്ചിരുന്ന ആക്ഷേപത്തെക്കുറിച്ച് ഒരു തീരുമാനത്തിലെത്തിച്ചേർന്നാൽ ഗ്രൂപ്പിംഗ് നടത്തുന്നതാണ്.

വാഗമൺ കേന്ദ്രമാക്കി ഒരു പുതിയ പഞ്ചായത്ത്

812 [981] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ വാഗമൺ കേന്ദ്രമാക്കി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

പുതിയ പഞ്ചായത്തുകളും തൽക്കാലം രൂപീകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

പഞ്ചായത്തുകളുടെ അതിർത്തി നിർണ്ണയം

813 [983] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തൃതി, ജനസംഖ്യ എന്നിവയെ അടിസ്ഥാനമാക്കി പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തുവാനുള്ള ഏതെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം പഞ്ചായത്തുകൾ പുനർ വിഭജനം നടത്താനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly